09
2024
ഒക്ടോബർ
ബുധൻ
കന്നി 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.281 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-281 | പേജ് 4. വില 2.00 രൂപ

02 ടെക്നോപാർക്കിന് വീണ്ടും ഐഎസ്ഒ അംഗീകാരം
03 കേന്ദ്ര സർക്കാർ ജോലി വാഗ്ദാന തട്ടിപ്പ്: ഡിവൈഎഫ്ഐ വനിതാ നേതാവ് തട്ടിയത് രണ്ട് കോടി
04 ബസ് പുഴയിലേക്ക് മറിഞ്ഞു രണ്ടു പേർ മരിച്ചു

# കൊല്ലത്തുനിന്ന് ചരക്ക് കപ്പൽ സർവീസ് പ്രാരംഭ നടപടി തുടങ്ങി



കൊല്ലം: കൊല്ലം തുറമുഖത്തുനിന്ന് മാലിദ്വീപിലേക്കും ലക്ഷദ്വീപിലേക്കും ചരക്ക് കപ്പൽ സർവീസ് ആരംഭിക്കുന്ന കാര്യത്തിലും അധികൃതർ പ്രാരംഭ നടപടികൾ തുടങ്ങി. ചരക്ക് കപ്പൽ സർവീസിനായിരിക്കും പ്രഥമ പരിഗണന നൽകുക.

ലക്ഷദ്വീപിലേക്കു കൊല്ലത്തുനിന്ന് യാത്രാക്കപ്പൽ ആരംഭിക്കുന്നത് അധികൃതരുടെ സജീവ പരിഗണനയിൽ. ഇതുകൂടാതെ കൊല്ലവും ലക്ഷദ്വീപുമായുള്ള അകലം കുറവും അനുകൂലമായ മറ്റ് ചില സാഹചര്യങ്ങളുമാണ് യാത്രാക്കപ്പൽ തുടങ്ങുന്ന കാര്യവും അതിനുള്ള സാധ്യതകൾ പരിശോധിക്കാനും അധികൃതരെ പ്രേരിപ്പിക്കുന്ന ഘടകം. ഇതുമായി ബന്ധപ്പെട്ടുള്ള അവസരങ്ങൾ പരിചയപ്പെടുക്കുന്നതിനും വിശദമായ ചർച്ചകൾക്കുമായി ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിട്യൂട്ടിൽ പ്രത്യേക യോഗം ചേരും. സർവീസ് ലാഭകരമാകുന്നത് വരെ ഇന്ധന ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നൽകിയാൽ സർവീസ് ആരംഭിക്കാമെന്ന മുംബയ് ആസ്ഥാനമായുള്ള കമ്പനിയുടെ ആവശ്യം കേരള മാരിടൈം ബോർഡ് പരിശോധിച്ച് വരികയാണ്.

ഉച്ചകോടി എന്നാണ് യോഗത്തിന് അധികൃതർ പേരിട്ടിരിക്കുന്നത്. തുറമുഖ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും വിവിധ മേഖലകളിലെ സംരഭകരും യോഗത്തിൽ പങ്കെടുക്കും. സംരഭകരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും അവസരം ഏർപ്പെടുത്തിയിട്ടുണ്ട്.

കൊല്ലത്ത് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് യാഥാർഥ്യമായതോടെ ചരക്ക് കപ്പലുകൾക്കും യാത്രാ കപ്പലുകൾക്ക് ഇവിടെ എത്തി തിരികെ പോകുന്നതിനുള്ള തടസങ്ങൾ എല്ലാം മാറിയിട്ടുമുണ്ട്. ഇതുകൂടി കണക്കിലെടുക്കാണ് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്തിട്ടുള്ളത്.

മാരിടൈം ബോർഡിന്റെ കീഴിലുള്ള നോൺ മേജർ തുറമുഖങ്ങളിൽ ഏറ്റവും ആഴം കൂടിയ തുറമുഖമാണ് കൊല്ലം. നിലവിൽ ഏഴുമീറ്റർ ആഴമുണ്ട്. മാത്രമല്ല, 101 മീറ്റർ നീളമുള്ള പാസഞ്ചർ ബർക്കും 187 മീറ്റർ നീളമുള്ള കാർഗോ ബർത്തും കൊല്ലത്തിനുണ്ട്. ആധുനിക രീതിയിലുള്ള കണ്ടെയ്നർ യാർഡ്, ഗോഡൗൺ എന്നിവയും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. 40 ടൺ വരെയുള്ള ചരക്കുകൾ കൈകാര്യം ചെയ്യാനുള്ള ക്രെയിനും സമ്പൂർണ സജ്ജമാണ്.

കൊല്ലം തുറമുഖത്ത് പുതുതായി പണികഴിപ്പിച്ച ഭരണ നിർവഹണ ഓഫീസ്, പാഴ്സൽ ആൻഡ് ഷിപ്പിംഗ് ഓഫീസ്, മെക്കാനിക്കൽ എൻജിനീയറിംഗ് ഓഫീസ് തുടങ്ങിയവയുടെ ഉദ്ഘാടനം ഉടൻ നടക്കുമെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ഇവ കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ തുറമുഖത്തിന്റെ വികസനത്തിൽ വൻ കുതിച്ചുചാട്ടം തന്നെ ഉണ്ടാകും.

തുറമുഖം വഴി കശുവണ്ടി ഇറക്കുമതി നടത്തുന്നതിനുള്ള സാധ്യതകളും ബുധനാഴ്ചത്തെ യോഗം വിശകലനം ചെയ്യും. ഇതിനായി കശുവണ്ടി വ്യവസായ രംഗത്തെ പ്രമുഖരും യോഗത്തിൽ പങ്കെടുക്കും. കടലിൽ വിനോദ സഞ്ചാര സൗകര്യങ്ങൾ ഒരുക്കുന്നതും തുറമുഖ വകുപ്പ് അധികൃതരുടെ പരിഗണയിൽ ഉണ്ട്. ഇക്കാര്യവും യോഗം വിശദമായി ചർച്ച ചെയ്യും.

## ജമ്മുകാഷ്മീരിൽ ഇന്ത്യാ സഖ്യം; ഹരിയാനയിൽ ബിജെപിക്ക് മൂന്നാമൂഴം

ന്യൂഡൽഹി: ജമ്മുകാഷ്മീർ നിയമസഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണൽ പുരോഗമിക്കുന്പോൾ ഇന്ത്യാ സഖ്യം അധികാരത്തിലേക്ക്. നിലവിൽ ഇന്ത്യാ സഖ്യം 52 സീറ്റിലും ബിജെപി 28 സീറ്റിലും പിഡിപി രണ്ടു സീറ്റിലും ലീഡു ചെയ്യുകയാണ്.

എൻസിയുടെ ഒമർ അബ്ദുല്ല മത്സരിച്ച രണ്ടിടങ്ങളിലും മുന്നിലാണ്. ജമ്മുമേഖലയിൽ മാത്രമാണ് ബിജെപിക്ക് പിടിച്ചു നിൽക്കാനായത്. ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി കുൽഗാമിൽ മത്സരിച്ച സിപിഎം സ്ഥാനാർഥി മുഹമ്മദ് യൂസഫ് തരിഗാമി വിജയിച്ചു.

മുൻ മുഖ്യമന്ത്രി മെഹബൂബ മുഫ്തിയുടെ മകളും പിഡിപി സ്ഥാനാർഥിയുമായ ഇൽത്തിജ മുഫ്തി ബിജ്ബിഹേര മണ്ഡലത്തിൽ പിന്നിലാണ്. നാഷണൽ കോൺഫറൻസിന്റെ (എൻസി) ബഷീർ അഹമ്മദ് ഷാ വീരിയാണ് ഈ മണ്ഡലത്തിൽ ലീഡ് ചെയ്യുന്നത്.

പത്തു വർഷത്തിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ കാഷ്മീർ ജനത ബിജെപിയെ തള്ളാനും ഇന്ത്യാ സഖ്യത്തിനൊപ്പം നിൽക്കാനും തീരുമാനിച്ചുവെന്നാണ് ഫല സൂചന നൽകുന്നത്. ഒരു ഘട്ടത്തിൽ ബിജെപിക്കൊപ്പം നിന്ന് സർക്കാർ രൂപീകരിച്ച പിഡിപിക്കും ഇത്തവണ കാലിടറി. കേവലം രണ്ടു സീറ്റിൽ മാത്രമാണ് അവർ മുന്നേറാനായത്.

ഹരിയാനയിൽ വീണ്ടും ബിജെപി

ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ട ബിജെപി ഹരിയാനയിൽ ശക്തമായ തിരിച്ചുവരവ് നടത്തി. ആകെയുള്ള 90 സീറ്റുകളിലെയും ഫല സൂചനകൾ പുറത്തുവന്നപ്പോൾ ബിജെപി കേവല ഭൂരിപക്ഷവും മറികടന്ന് മുന്നേറുകയാണ്. നിലവിൽ ബിജെപി 49 സീറ്റിലും കോൺഗ്രസ് 35 സീറ്റിലും മറ്റുള്ളവർ ആറു സീറ്റിലും മുന്നേറുകയാണ്.

മുൻ ഉപമുഖ്യമന്ത്രിയും ജെജെപി നേതാവുമായ ദുഷ്യന്ത് ചൗട്ടാല ഉച്ചന കലൻ മണ്ഡലത്തിൽ ആറാം സ്ഥാനത്താണ്. കോൺഗ്രസ് സ്ഥാനാർഥി ബ്രിജേന്ദ്ര സിംഗാണ് ഇവിടെ മുന്നിട്ട് നിൽക്കുന്നത്. ബിജെപിയുടെ ദേവേന്ദർ ചത്താറാണ് രണ്ടാമത്. ഗാർഹി സമ്പാലയിൽ കോൺഗ്രസ് നേതാവ് ഭൂപീന്ദർ സിംഗ് ഹൂഡ 22182 വോട്ടിന് മുന്നിലാണ്.

വോട്ടെടുപ്പിന്റെ ആദ്യഘട്ടത്തിൽ കോൺഗ്രസ് മുന്നേറ്റം നടത്തിയെങ്കിലും പിന്നീട് ലീഡ് കുത്തനെ താഴുകയായിരുന്നു. അപ്രതീക്ഷിത തിരിച്ചടിയുടെ ഫലങ്ങൾ വന്നതോടെ കോൺഗ്രസ് ആസ്ഥാനത്തെ ആഘോഷങ്ങളെല്ലാം പ്രവർത്തകർ നിർത്തി. ജാട്ടു മേഖലയിൽ ബിജെപി വ്യക്തമായ മുന്നേറ്റം തുടരുകയാണ്.

## കുട്ടികളുടെ യാത്രയ്ക്ക് കർശന നിയമങ്ങൾ

### 14 വയസുവരേ കാറിൽ പ്രത്യേക സീറ്റ്, ഹെൽമറ്റും നിർബന്ധം

തിരുവനന്തപുരം: സംസ്ഥാനത്ത് 14 വയസുവരേയുള്ള കുട്ടികൾക്ക് കാർ യാത്രയ്ക്ക് പ്രത്യേക സീറ്റ് നിർബന്ധമാക്കുന്നു. കേന്ദ്ര വാഹന ചട്ടം അനുസരിച്ചാണ് സംസ്ഥാനത്തും ഈ നിയമം ശക്തമാക്കുന്നത്. ഒന്ന് മുതൽ നാല് വയസുവരേയുള്ള കുട്ടികൾക്ക് കാറുകളുടെ പിൻ സീറ്റിൽ പ്രത്യേക സീറ്റ് നിർബന്ധമാക്കും. 14 വരേ പ്രായമുള്ള കുട്ടികൾക്ക് ഉയരത്തിന് അനുസരിച്ച് പ്രത്യേക മാതൃകയിലുള്ളസീറ്റുമായിരിക്കും ഇനിമുതൽ. നിയമം പാലിക്കാത്തവരിൽനിന്ന് ഡിസംബർ മുതൽ പിഴ ഈടാക്കി തുടങ്ങും എന്നാണ് വിവരം. ഇരുചക്ര വാഹനങ്ങളിലെ യാത്രകൾക്ക് നാലുവയസിന് മുകളിലുള്ള കുട്ടികൾക്ക് ഹെൽമറ്റ് നിർബന്ധമാക്കും. ഇരുചക്ര വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളെ രക്ഷിതാക്കളുമായി ഒരു ബെൽറ്റ് ഉപയോഗിച്ച് ബന്ധിക്കുന്നത് അപകടങ്ങൾ ഒഴിവാക്കുമെന്നും ഗതാഗത വകുപ്പ് മുന്നറിയിപ്പ് നൽകുന്നു.

# അഴിമുഖതീരം മാലിന്യമുഖമാവുന്നു



ശക്തിക്കുളങ്ങര ഹാർബറിന്റെ തെക്കെ മുനമ്പ്

**ബൈജു ബഞ്ചമിൻ**

കൊല്ലം/ശക്തികുളങ്ങര: ഇക്കഴിഞ്ഞു പോയ സമുദ്രതീര ശുചീകരണ ദിനത്തിലും കൊല്ലം ശക്തികുളങ്ങര അഴിമുഖ തീരം നോക്കി കാണുവാനും,ശുചിയാക്കുവാനും ഒരു സന്നദ്ധസംഘടനയോ,പരിസ്ഥിതി സംഘമോ,എൻ.ജി.ഓ തുടങ്ങി ആരും വന്നില്ല.കാലങ്ങളായി അഴിമുഖത്തെ വിസ്തൃതമായ തീരവും, അറബിക്കടലിലേക്ക് ഇറങ്ങി നിൽക്കുന്ന പുലിമുട്ടും അങ്ങിനെ തന്നെ നിൽക്കുന്നു.കടൽ വരുത്തുന്ന മാറ്റങ്ങളൊഴിച്ചാൽ യാതൊന്നും ഇവിടെ സംഭവിക്കുന്നില്ല.അവസാനം ഇവിടെ അധികാരികൾ വന്നിട്ടുണ്ടെങ്കിൽ അതു സുനാമി ക്കു ശേഷം ആയിരിക്കണം.ലോകത്ത് മറീന കൾ മനോഹരമായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.എറ്റവും വിലയേറിയ ഇടവും ഇത്തരം മറീനകളിലാണ്.ഇവിടുത്തെ കറ്റേറ്റു ജീവിക്കുവാനും,കടൽസൗന്ദര്യം ആസ്വദിക്കാനും സമ്പന്നർ മൽസരിക്കുന്നു.മുംബയ്,കൊച്ചി തുടങ്ങിയ നഗരങ്ങളിലെ മറീനകളിലെ ഫ്ളാറ്റു സമുച്ചയങ്ങളുടെ ഇഞ്ചു സ്ഥലങ്ങൾക്കു ലക്ഷങ്ങളാണ് വില.

ഇന്ത്യയിലെ അറിയപ്പെടുന്ന യന്ത്രവൽകൃത മൽസ്യബന്ധന മേഖലയും, ഫിഷിംഗ് ഹാർബറും നിലനിൽക്കുന്ന ഈ തീരത്താണ് അവഗണനയുടെയും,കാഴ്ചപ്പാടില്ലായ്മയുടെയും പ്രതീകമായി ഒരു തീരം ശ്മശാനം പോലെ ആയി തീർന്നിരിക്കുന്നത്.അഴുകിയ ഇറച്ചിക്കോഴി അവശിഷ്ടങ്ങളും,പ്ലാസ്റ്റിക് മാലിന്യങ്ങളും,സാമൂഹ്യവിരുദ്ധ സംഘങ്ങളും ഈ തീരത്തെ നിലം പരിശാക്കിയിരിക്കുന്നു.

ശക്തികുളങ്ങരയുടെ ഏറ്റവും പ്രകൃതി രമണീയമായിട്ടുള്ളതും അറേബ്യൻ സമുദ്രം അഷ്ടമുടിക്കായലും ഒന്നിക്കുന്ന മനോഹരമായ പരിസരത്ത് ഇന്നലെ ഞായറാഴ്ച ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് കാണാൻ കഴിഞ്ഞ കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. വൈകുന്നേരങ്ങളിൽ നിരവധി ആളുകൾ എത്താറുണ്ട്.ചൂണ്ടക്കാരായും നിരവധി ആൾക്കാർ എത്തുന്നു.വിലകൂടിയ കാറുകളിലും മറ്റും വരുന്ന സംഘങ്ങൾ ഇരുട്ടിന്റെ മറവിലേക്കു ഊളിയിടുന്നു.മുൻപ് അഷ്ടമുടിക്കായലിലേക്ക് ഇറക്കിയിട്ടിരുന്ന പുലിമുട്ടിന്റെ തെളിമയുള്ള ഇടങ്ങളിൽ അലങ്കാര മൽസ്യങ്ങൾ കൗതുക കാഴ്ചയായിരുന്നു.ഇവിടെല്ലാം മാലിന്യങ്ങളുടെ കൂമ്പാരമായി.



പുലിമുട്ടിലേക്കുള്ള വഴിയിൽ മാലിന്യം എറിയുന്നു

പുലിമുട്ടിലേക്കുള്ള റോഡിന്റെ തുടക്കത്തിൽ സാമൂഹ്യവിരുദ്ധരുടെ ലഹരിയിലുള്ള തമ്മിലടി നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ അവരെല്ലാം ഉടനെ സ്ഥലം വിട്ടു.

പുലിമുട്ടിലേക്ക് പ്രവേശിക്കുന്നിടത്ത് തന്നെ പ്ലാസ്റ്റിക്കുകളും കുപ്പികളും എല്ലാതരത്തിലുള്ള വേസ്റ്റുകളുടെ കൂമ്പാരമാണ്. അതിനാൽ മൂക്ക് പൊത്താതെ നടക്കാൻ കഴിയുകയില്ല. ഓട്ടോറിക്ഷകളിലും ബൈക്കുകളിലും കാറുകളിലും വരുന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന്റെ ഒരിടമായി കഴിഞ്ഞു ഈ സ്ഥലം.

കൊല്ലം ശക്തികുളങ്ങരയിലെ ഏറ്റവും മനോഹരമായ ഈ തീരഭൂമി എത്രയും പെട്ടെന്ന് സാമൂഹ്യവിരുദ്ധരുടെ പിടിയിൽ നിന്ന് മോചിപ്പിക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കണം നാട്ടിലെ പോയകാലത്തെ സൗഹൃദസംഘം നിർദ്ദേശിക്കുന്നു.

**1. പ്ലാസ്റ്റിക് മുതലായ വേസ്റ്റ് ഇടുന്നവരെ കണ്ടെത്തി ശിക്ഷിക്കണം.**

**2. സിസിടിവി ക്യാമറകൾ സ്ഥാപിച്ച് എത്രയും പെട്ടെന്ന് പ്രവർത്തനസജ്ജമാക്കണം.**

**3. പോലീസ് പട്രോൾ ഏർപ്പെടുത്തി അധികാരികളുടെ ശ്രദ്ധ ഈയിടത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തണം.**

**4. ഹൈമാസ്റ്റ് ലൈറ്റുകൾ അത്യാവശ്യമായി ഈ പരിസരങ്ങളിൽ സ്ഥാപിക്കണം.**

**5. പുലിമുട്ട് പരിസരങ്ങൾ പ്രത്യേകിച്ച് കടൽത്തീരം പ്രദേശവാസികൾക്കും മറ്റുള്ളവർക്കും വന്നിരുന്ന റിലാക്സ് ചെയ്യത്തക്ക രീതിയിൽ മാറ്റിയെടുക്കണം.കൊച്ചിയിലെ മറൈൻ ഡ്രൈവു പോലെ മാറ്റിയെടുക്കണം.**

# കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഹഡിൽ ഗ്ലോബലിൽ വനിതാ സംരംഭകർക്കായി വിമൺ സോൺ നവംബറിൽ കോവളത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബലിൽ വനിതാ സംരംഭകർക്കായി 'വിമൺ സോൺ' സംഘടിപ്പിക്കുന്നു. നവംബർ 2830 വരെ കോവളത്ത് നടക്കുന്ന ഹഡിൽ ഗ്ലോബലിൻറെ ആറാം പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വിവിധ മേഖലകളിലെ വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ബിസിനസ് നെറ്റ്‌വർക്കിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള മാർഗനിർദേശവും സാങ്കേതിക വൈദഗ്ധ്യവും നിക്ഷേപാവസരവും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പരിപാടി. സംരംഭക മേഖലയിലേക്ക് വരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ, വനിതാ സ്റ്റാർട്ടപ്പ് സംരംഭകർ എന്നിവർക്ക് പരിപാടിയിൽ പങ്കെടുക്കാം.10 വനിതാ സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്ന 'എലിവേറ്റ് ഹർ; ഇൻവെസ്റ്റ്മെൻറ് പാത് വേ ഫോർ വിമൺ ഫൗണ്ടേഴ്സ്' പരിപാടിയും വിമൺ സോണിനെ ആകർഷകമാക്കും. ഇതിലേക്ക് ഒക്ടോബർ രണ്ടാമത്തെ ആഴ്ച മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഹഡിൽ ഗ്ലോബൽ 2024ലെ ഫൈനൽ ഡെമോ ഡേയിലേക്കുള്ള പിച്ച് ഡെക്കുകൾ തയ്യാറാക്കൽ, സ്റ്റോറി ടെല്ലിംഗ് ടെക്നിക്കുകൾ പരിഷ്കരിക്കൽ, മോക്ക് പിച്ച് സെഷനുകൾ എന്നിവയും ഇതിൻറെ ഭാഗമായുണ്ടാകും.നോ കോഡ് ടൂൾസ് പരിചയപ്പെടുത്തുന്ന ശില്പശാലയും മെൻറൽ വെൽനെസ് ശില്പശാലയും വിമൺ സോണിലുണ്ടാകും. തിരഞ്ഞെടുക്കപ്പെടുന്ന 3040 വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്കും വിദ്യാർത്ഥിനികൾക്കും വിമൺ മെൻറൽ വെൽനസ് പരിപാടിയിൽ പങ്കെടുക്കാം. വനിതാ സംരംഭകരുടെ ബിസിനസ് വിജയത്തിനും സംരംഭക മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനുമായുള്ള വൈകാരിക പക്വത, പോസിറ്റീവ് സൈക്കോളജി എന്നിവയെക്കുറിച്ച് ശില്പശാലയിൽ ചർച്ച ചെയ്യും.

വിമൺ ഇൻ ലീഡർഷിപ്പ് എന്ന വിഷയത്തിൽ ടോക്ക് സെഷൻ, വുമൺ ഇന്നൊവേറ്റേഴ്സ് ഹബ്, വനിതാ സ്റ്റാർട്ടപ്പ് സംരംഭകരുടെ ഉത്പന്ന പ്രദർശനം എന്നിവയും വിമൺ സോണിൻറെ പ്രത്യേകതയാണ്. പ്രത്യേക ബൂട്ട് ക്യാമ്പുകളും ഇതിൻറെ ഭാഗമായുണ്ടാകും.

പതിനായിരത്തിലധികം പേരാണ് ഹഡിൽ ഗ്ലോബലിൽ പങ്കെടുക്കുക. ലോകമെമ്പാടുമുള്ള നൂറ്റമ്പതിലധികം നിക്ഷേപകരെത്തുന്ന ഹഡിൽ ഗ്ലോബലിൽ 3000ൽ അധികം സ്റ്റാർട്ടപ്പുകളും 100 ലധികം മാർഗനിർദേശകരും പങ്കെടുക്കും. കേരളത്തിൻറെ സ്റ്റാർട്ടപ്പ് മേഖലയെ ഉന്നതികളിലേക്ക് എത്തിക്കുക, പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉല്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ലഭ്യമാക്കുന്ന ആഗോളകേന്ദ്രമാക്കി കേരളത്തെ മാറ്റുക തുടങ്ങിയവ ഹഡിൽ ഗ്ലോബലിൻറെ ലക്ഷ്യങ്ങളാണ്.200 ലധികം എച്ച്എൻഐ കൾ, 200 ലധികം കോർപറേറ്റുകൾ, 150 ലധികം പ്രഭാഷകർ എന്നിവരും ഹഡിൽ ഗ്ലോബലിൽ പങ്കെടുക്കും. കഴിഞ്ഞ വർഷത്തെ ഹഡിൽ ഗ്ലോബലിൻറെ ഭാഗമായി നടന്ന സൂപ്പർ കോഡേഴ്സ് ചലഞ്ചിനു പുറമെ മാർക്കറ്റിംഗ് മാഡ്നെസ്, സൂപ്പർ കോഡേഴ്സ്, ഫൗണ്ടേഴ്സ് മീറ്റ്, പാർട്ട്ണർ ഇൻ ഗ്രോത്ത്, ഇംപാക്റ്റ് 50, പിച്ച് ഇറ്റ് റൈറ്റ്, ബ്രാൻഡിംഗ് ചലഞ്ച്, ഹഡിൽ സ്പീഡ് ഡേറ്റിംഗ്, ബിൽഡ് ഇറ്റ് ബിഗ്, ടൈഗർസ് ക്ലോ, സൺ ഡൗൺ ഹഡിൽ എന്നിങ്ങനെയുള്ള സെഷനുകളും ഇക്കൊല്ലത്തെ സ്റ്റാർട്ടപ്പ് സംഗമത്തെ ആകർഷകമാക്കും.

രജിസ്റ്റർ ചെയ്യുന്നതിന് സന്ദർശിക്കുക: https://huddleglobal.co.in/



സംസ്ഥാന ഡീ ലിമിറ്റേഷൻ കമ്മീഷൻ ഓഫീസിന്റെ ഉദ്ഘാടനം തിരുവനന്തപുരം നഗരസഭ കെട്ടിട സമുച്ചയത്തിൽ കമ്മീഷൻ ചെയർമാൻ എ ഷാജഹാൻ നിർവഹിക്കുന്നു

# ടെക്നോപാർക്കിന് വീണ്ടും ഐഎസ്ഒ അംഗീകാരം

## ഇത്തവണത്തേത് ടിയുവി എസ് യുഡി യുടെ സർട്ടിഫിക്കേഷൻ

തിരുവനന്തപുരം: ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്ന ഐഎസ്ഒ മാനദണ്ഡങ്ങൾ പാലിക്കുന്ന ടെക്നോപാർക്കിന് ഒരു പൊൻതൂവൽ കൂടി.

സർട്ടിഫിക്കേഷൻ രംഗത്തെ ആഗോളസ്ഥാപനമായ ടിയുവി എസ് യുഡി സൗത്ത് ഏഷ്യയുടെ ഐഎസ്ഒ സർട്ടിഫിക്കേഷൻ ടെക്നോപാർക്കിന് ലഭിച്ചു. ഗുണനിലവാരം, സുരക്ഷാ മാനദണ്ഡങ്ങൾ, പാരിസ്ഥിതിക ഉത്തവാദിത്തം തുടങ്ങിയവയിൽ ആഗോള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനമെന്ന പേര് ഇതോടെ ടെക്നോപാർക്ക് നിലനിർത്തിയെന്നതും ശ്രദ്ധേയം.

1998 മുതൽ ഐഎസ്ഒ 9001സർട്ടിഫൈഡ് സ്ഥാപനമായ ടെക്നോപാർക്കിന് ഐഎസ്ഒ 9001 (ക്വാളിറ്റി മാനേജ്മെൻറ് സിസ്റ്റം), ഐഎസ്ഒ 14001 (എൻവയോൺമെൻറൽ മാനേജ്മെൻറ് സിസ്റ്റം), ഐഎസ്ഒ 45001 (ഒക്യുപേഷണൽ ഹെൽത്ത് ആൻഡ് സേഫ്റ്റി മാനേജ്മെൻറ് സിസ്റ്റം) തുടങ്ങിയ ഐഎസ്ഒ അംഗീകാരങ്ങളാണ് ലഭിച്ചത്.

സർട്ടിഫിക്കേഷനു പുറമെ വിവിധ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശം, പരിശീലനം, പരിശോധന എന്നിവ നല്കുന്ന ടിയുവി എസ് യുഡി സൗത്ത് ഏഷ്യയുടെ ആസ്ഥാനം ജർമ്മനിയാണ്.

ഗുണനിലവാരം, ജീവനക്കാരുടെ സുരക്ഷ, പാരിസ്ഥിതിക ഉത്തരവാദിത്തം, പ്രവർത്തന മികവ് എന്നിവയിൽ ഉയർന്ന നിലവാരം പുലർത്തുന്നതിലുള്ള ടെക്നോപാർക്കിൻറെ അചഞ്ചലമായ പ്രതിബദ്ധതയാണ് പുതിയ ഐഎസ്ഒ സർട്ടിഫിക്കേഷനിലൂടെ അടിവരയിടുന്നതെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ(റിട്ട) സഞ്ജീവ് നായർ അഭിപ്രായപ്പെട്ടു.

ആഗോള നിലവാരത്തിലേക്ക് ഉയരുന്നതിനുള്ള ടെക്നോപാർക്കിൻറെ ആത്മാർത്ഥ ശ്രമങ്ങളെ ഈ അംഗീകാരം ഉയർത്തിക്കാട്ടുന്നു. കേരളത്തിലെ ഐടി ആവാസവ്യവസ്ഥയുടെ വളർച്ചയ്ക്ക് ഇത് ആക്കം കൂട്ടുന്നുമുണ്ട്. ലോകമെമ്പാടുമുള്ള കമ്പനികളുടെ ശ്രദ്ധ പിടിച്ചു പറ്റാൻ ടെക്നോപാർക്കിന് ഇതിലൂടെ സാധിക്കും. സുസ്ഥിരവും പരിസ്ഥിതി സൗഹൃദ സംരംഭങ്ങളിലൂന്നിയുമുള്ള ടെക്നോപാർക്ക് ടീമിൻറെ ഒരുമിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിലെത്തുന്നവർക്ക് ലഭിക്കുന്ന ഉന്നത നിലവാരത്തിലുള്ള സേവനലഭ്യത, ഉപഭോക്തൃ സംതൃപ്തി, പ്രവർത്തന ക്ഷമത തുടങ്ങിയവ കണക്കിലെടുത്താണ് ഐഎസ്ഒ 9001 അംഗീകാരം ലഭിച്ചത്. ടെക്നോപാർക്കിൻറെ സുസ്ഥിര പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണത്തോടുള്ള പ്രതിബദ്ധതയും ഉയർത്തിക്കാട്ടുന്നതാണ് ഐഎസ്ഒ 14001 അംഗീകാരം. ടെക്നോപാർക്കിലെ എല്ലാ വിഭാഗം ജീവനക്കാർക്കും സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികളെ അംഗീകരിക്കുന്നതാണ് ഐഎസ്ഒ 45001.

ഐഎസ്ഒ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനൊപ്പം വർഷാവർഷം തുടർച്ചയായ പുരോഗതി കൈവരിക്കുന്നതിൽ ടിയുവി എസ് യുഡി ജനറൽ മാനേജർ ലോഗനാഥൻ ടെക്നോപാർക്കിനെ അഭിനന്ദിച്ചു.

മികവും സുസ്ഥിരതയും നിലനിർത്തുന്നതിലെ ടെക്നോപാർക്കിനുള്ള ദീർഘകാല പ്രതിബദ്ധതയെ ഈ സർട്ടിഫിക്കേഷനുകൾ പ്രതിഫലിപ്പിക്കുന്നു. ഇത് ടെക്നോപാർക്കിനെ രാജ്യത്തെ പ്രധാന നിക്ഷേപക സൗഹൃദ ഡിജിറ്റൽ ആവാസവ്യവസ്ഥയാക്കി മാറ്റുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## എൽ.എൽ.എം.: ഭിന്നശേഷി വിഭാഗം ക്വാട്ടയിലേക്ക് താൽക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 വർഷത്തെ എൽ.എൽ.എം. കോഴ്സിലേക്ക് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ താൽക്കാലിക കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ०००.രലല.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഭിന്നശേഷി വിഭാഗം താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച പരാതികൾ ഒക്ടോബർ 9ന് ഉച്ചക്ക് 2 മണിക്കുള്ളിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം അറിയിക്കാവുന്നതാണ്. ഫോൺ: 0741 2525300.

## മെറിറ്റ് സ്കോളർഷിപ്പ്

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളജുകൾ, യൂണിവേഴ്സിറ്റി ഡിപ്പോർട്ട്മെന്റുകൾ, മ്യൂസിക്, സംസ്കൃത കോളജുകൾ എന്നിവിടങ്ങളിലെ ബിരുദ കോഴ്സുകളിൽ 202425 അധ്യയന വർഷം ഒന്നാം വർഷ ക്ലാസിൽ പ്രവേശനം ലഭിച്ച വിദ്യാർഥികളിൽനിന്നും സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് വേണ്ടി അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 31നകം അതത് സ്ഥാപനങ്ങളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. കൂടുതൽവിവരങ്ങൾക്ക്: collegiateedu.kerala.gov.in, dcescholarship.kerala.gov.in. ഫോൺ: 8921679554, ഇമെയിൽ: statemeritsholarship@gmail.com.

## കെ.ജി.റ്റി പരീക്ഷാഫലം

2024 മേയ് മാസത്തിൽ നടന്ന കെ.ജി.റ്റി (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് ആൻഡ് ഷോർട്ട് ഹാൻഡ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റുകളിൽ (https://pareekshabhavan.kerala.gov.in, http://kgtexam.kerala.gov.in ലഭ്യമാണ്.

## സഭാ ടിവി എക്സ്ക്ലൂസീവ് ഉദ്ഘാടനം 9ന്

സഭാ ടിവിയുടെ പുതിയ ചാനലായ സഭാ ടിവി എക്സ്ക്ലൂസീവിന്റെ ഉദ്ഘാടനം ഒക്ടോബർ 9ന് വൈകിട്ട് 6.30ന് നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സ്പീക്കർ എ.എൻ ഷംസീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം പറയും. കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ പുതിയതായി ആരംഭിക്കുന്ന അഡ്വാൻസ്ഡ് കോഴ്സായ പി.ജി ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ്, ബേസിക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പ്രഖ്യാപനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നടത്തും.

ഡോ. മേരി പുന്നൻ ലൂക്കോസിന്റെ നിയമസഭാ അംഗത്വത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് സഭാ ടിവി നിർമ്മിച്ച മേരി പുന്നൻ ലൂക്കോസ്: ചരിത്രം പിറന്ന കൈകൾ എന്ന ഡോക്യുമെന്ററി വീഡിയോ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സൺ യു. പ്രതിഭ എം.എൽ.എ പ്രകാശനം ചെയ്യും. തുടർന്ന് നിയമസഭാ സാമാജികർക്കായി ഡോക്യുമെന്ററി പ്രദർശിപ്പിക്കും.

## ഒന്നാംഘട്ട കേന്ദ്രീകൃത താത്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ നഴ്സിങ് (പി.ജി. നഴ്സിങ്) കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത താത്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഹെൽപ് ലൈൻ: 0471 2525300.

## ഹോം മാനേജർ അഭിമുഖം

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിൽ ഹോം മാനേജർ തസ്തികയിലേക്ക് താല്ക്കാലിക നിയമനത്തിന് ഒക്ടോബർ 15 ന് അഭിമുഖം നടത്തുന്നു. എം.എസ്.ഡബ്ല്യു / എം.എ (സോഷ്യോളജി) / എം.എ (സൈക്കോളജി) / എം.എസ്.സി (സൈക്കോളജി) എന്നിവയാണ് യോഗ്യത.

25 വയസ് പൂർത്തിയാകണം. 3045 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകും. പ്രതിമാസ വേതനം 22,500 രൂപ. വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം രാവിലെ 10.30 ന് കേരള മഹിള സമഖ്യ സൊസൈറ്റിയുടെ വയനാട് ജില്ലാ ഓഫീസിൽ എത്തിച്ചേരണം.

കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം, ഫോൺ: 0471 2348666. ഇമെയിൽ: keralasamakhya@gmail.com. വെബ്സൈറ്റ്: www.keralasamakhya.org.

## കെൽട്രോണിൽ ഹ്രസ്വകാല കോഴ്സുകൾക്കായുള്ള അപേക്ഷ ക്ഷണിച്ചു

പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ബി.ടെക്ക് / എം.സി.എ / ബി.സി.എ / ബി.എസ്.സി / ബി.കോം / ബി.എ / ഡിപ്ലോമ കഴിഞ്ഞവരിൽ നിന്നും തൊഴിൽ സാധ്യതയുള്ള വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എംബഡഡ് സിസ്റ്റം ഡിസൈൻ, വെബ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഐ.ടി.ഇ.എസ് ആന്റ് ബി.പി.ഒ., സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ്, ഇലക്ട്രോണിക്സ് ടെക്നീഷ്യൻ, ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. 2 മാസം മുതൽ 6 മാസം വരെ ദൈർഘ്യമുള്ള കോഴ്സുകളാണിവ.

കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, സിറിയൻ ചർച്ച് റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം 1 എന്ന വിലാസത്തിലോ 7356789991 / 7306000415 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## എം.എസ്.സി നഴ്സിംഗ്: അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് ഒക്ടോബർ 4 ലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

## സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചു

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ ഓഫീസ് തിരുവനനന്തപുരം നഗരസഭാ കെട്ടിടസമുച്ചയത്തിൽ പ്രവർത്തനം ആരംഭിച്ചു.ഓഫീസിന്റെ ഉദ്ഘാടനം ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ നിർവ്വഹിച്ചു. കമ്മീഷൻ അംഗങ്ങളായ ഐടി, പരിസ്ഥിതിവകുപ്പ് സെക്രട്ടറി ഡോ.രത്തൻ.യു. ഖേൽക്കർ, വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി കെ.ബിജു, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി എസ്.ജോസ്നമോൾ, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡീലിമിറ്റേഷൻ കമ്മീഷന്റെ വിലാസം: സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033. ഫോൺ: 0471 2335030, ഇമെയിൽ : sdc.kerala@gmail.com, വെബ്സൈറ്റ്: https://www.delimitation.lsgkerala.gov.in

## ബിഎച്ച്എംഎസ് ഒന്നാം വർഷ ക്ലാസുകൾ

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ 202425 യു.ജി ബി.എച്ച്.എം.എസ് ഒന്നാം വർഷ ക്ലാസുകൾ 2024 നവംബർ 1 ന് രാവിലെ 10 മണിക്ക് ആരംഭിക്കും.

## സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ കോഓർഡിനേറ്റർ നിയമനം

കേരളത്തിലെ പത്താംതരം പാസായ വിദ്യാർഥികൾക്ക് തൊഴിൽ അഭിരുചിയും വിവിധ തൊഴിൽ മേഖലകളോടുള്ള ആഭിമുഖ്യവും നൈപുണികളും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷ കേരളയുടെ ആഭിമുഖ്യത്തിൽ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 12 വിദ്യാലയങ്ങളിൽ ആരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ സ്കിൽ സെന്റർ കോർഡിനേറ്റർമാരുടെ നിയമനത്തിന് ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

എം.ബി.എ / എം.എസ്.ഡബ്ലു / ബി.എസ്.സി അഗ്രികൾച്ചർ / ബി.ടെക് എന്നിവയാണ് യോഗ്യത. പ്രായപരിധി 2035 വയസ്സ്. താൽപര്യമുള്ള ഉദ്യോഗാർഥികൾ സമഗ്ര ശിക്ഷ കേരളയുടെ പാലക്കാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ല ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഒക്ടോബർ 15ന് രാവിലെ 10 മണിക്ക് ബി.ആർ.സി പറളി (ഗവൺമെന്റ് യു.പി സ്കൂൾ എടത്തറ) യിൽ വച്ച് ഇന്റർവ്യൂ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: 0491 2505995.

## ബി.ടെക് / ബി.ആർക്ക്: സ്പോട്ട് അഡ്മിഷൻ

തൃശൂർ സർക്കാർ എൻജിനീയറിങ് കോളേജിലെ 202425 അധ്യയന വർഷത്തെ ബി.ടെക് / ബി.ആർക്ക് കോഴ്സിലെ ഒഴിവുള്ള സീറ്റിലേക്ക് ഒക്ടോബർ 21 ന് 12 മണിക്ക് സ്ഥാപനത്തിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രാവിലെ 10 മുതൽ 11 മണി വരെയായിരിക്കും രജിസ്ട്രേഷൻ. 2024 ലെ കീം റാങ്ക് പട്ടികയിൽ ഉൾപ്പെട്ട എല്ലാ വിദ്യാർഥികൾക്കും പങ്കെടുക്കാം. വിശദവിവരങ്ങൾക്ക്: www.gectcr.ac.in.

## സ്കോൾ കേരള: ഓറിയന്റേഷൻ ക്ലാസ്

സ്കോൾ കേരള മുഖാന്തിരം ഹയർസെക്കണ്ടറി കോഴ്സിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 202325 ബാച്ചിലെ രണ്ടാം വർഷ വിദ്യാർഥികളുടെ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസുകൾ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻചാർജ് അറിയിച്ചു. വിശദാംശങ്ങൾക്ക് അതത് പരീക്ഷാ കേന്ദ്രങ്ങളുമായി ബന്ധപ്പെടണം.

## എൽ.ബി.എസ്. സെന്ററിൽ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ് വെയർ), കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആൻഡ് ജിഎസ്ടി യൂസിംഗ് ടാലി കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. കോഴ്സിന്റെ സമയം, ഫീസ് തുടങ്ങിയ വിശദമായ വിവരങ്ങൾക്ക് http://lbscetnre.kerala.gov.in/ വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2560333/ 9995005055.

## ദീപാലംകൃത പാലങ്ങൾ വ്യാപകമാക്കും: മന്ത്രി പി എ മുഹമ്മദ് റിയാസ്

വിവിധ വർണങ്ങളിലുള്ള ലൈറ്റുകൾ സ്ഥാപിച്ച് പാലങ്ങൾ ദീപാലംകൃതമാക്കുന്ന പ്രവർത്തനം സംസ്ഥാന വ്യാപകമാക്കുമെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. തിരുവനന്തപുരം ബേക്കറി ജംഗ്ഷൻ പാലത്തിൽ സ്ഥാപിച്ച ലൈറ്റുകളുടെ സ്വിച്ച് ഓൺ കർമം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തദ്ദേശ സ്വയംഭരണ വകുപ്പും തിരുവനന്തപുരം കോർപ്പറേഷനും പൊതുമരാമത്ത് വകുപ്പും സംയുക്തമായി സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായാണ് പ്രവർത്തനം പൂർത്തീകരിച്ചത്. കേരളത്തിൽ രണ്ട് പാലങ്ങൾ നിലവിൽ ദീപാലംകൃതമാക്കിയിട്ടുണ്ട്. ഫറോക് പഴയ പാലം ദീപാലംകൃതമാക്കിയതിനെ തുടർന്ന് അതൊരു ടൂറിസ്റ്റ് കേന്ദ്രവുമായി മാറി. ഇത്തരത്തിൽ തിരുവനന്തപുരം നഗരത്തിലും സംസ്ഥാന വ്യാപകമായും പാലങ്ങൾ ദീപാലംകൃതമാക്കുന്ന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.




സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പട്ടിക ജാതി പട്ടികവർഗ പിന്നോക്കക്ഷേമ വകുപ്പ് സംഘടിപ്പിച്ച വിദേശ വിദ്യാഭ്യാസവും തൊഴിലവസരങ്ങളും ശിൽപ്പശാല മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യുന്നു

# കരയാക്രമണം: 250 ഹിസ്ബുള്ളകളെ വധിച്ചതായി ഇസ്രേലി സേന

ടെൽ അവീവ്: ഇസ്രേലി സേന തിങ്കളാഴ്ച മുതൽ തെക്കൻ ലബനനിൽ നടത്തുന്ന കരയാക്രമണത്തിൽ 250നു മുകളിൽ ഹിസ്ബുള്ള ഭീകരർ കൊല്ലപ്പെട്ടു. ബ്രിഗേഡ്, കന്പനി, പ്ലാറ്റൂൺ വിഭാഗം മേധാവികൾ അടക്കം 21 കമാൻഡർമാരും ഇതിൽ ഉൾപ്പെടുന്നു.

ഇസ്രേലി സേനയുടെ 98, 36 ഡിവിഷനുകളാണു തെക്കൻ ലബനനിലെ ഗ്രാമങ്ങളിൽ ഹിസ്ബുള്ള ഭീകരരുമായി ഏറ്റുമുട്ടുന്നത്. ഹിസ്ബുള്ളകൾ ഉപേക്ഷിച്ചുപോയ ആയുധശേഖരങ്ങൾ വൻതോതിൽ കണ്ടെത്തി. പലപ്പോഴും ഹിസ്ബുള്ളകളുമായി ഏറ്റുമുട്ടലുണ്ടായെന്നും ഇസ്രേലി സേന അറിയിച്ചു.ഇസ്രേലി അതിർത്തിയോടു ചേർന്ന ലബനീസ് പ്രദേശങ്ങളിൽനിന്നു ഹിസ്ബുള്ളകളെ തുരത്താൻ ലക്ഷ്യമിട്ടാണു കരയാക്രമണം ആരംഭിച്ചത്. പരിമിതമായ തോതിലുള്ള ആക്രമണം ആഴ്ചകൾക്കുള്ളിൽ അവസാനിപ്പിക്കാനാണ് ഇസ്രയേൽ ഉദ്ദേശിക്കുന്നതെന്നു റിപ്പോർട്ടുകളിൽ പറയുന്നു.

ഇതിനിടെ, ഇസ്രയേൽ ആക്രമിച്ചാൽ തിരിച്ചടിയായി ഇസ്രയേലിന്റെ ഊർജ സംവിധാനങ്ങളെ ലക്ഷ്യമിടുമെന്ന് ഇറൻ ഭീഷണി മുഴക്കി. ഇസ്രയേലിന്റെ എണ്ണപ്പാടങ്ങളും എണ്ണശുദ്ധീകരണ കേന്ദ്രങ്ങളും ആക്രമിക്കുമെന്ന് ഇറാനിലെ വിപ്ലവഗാർഡ് ഡെപ്യൂട്ടി കമാൻഡർ അലി ഫദാവി പറഞ്ഞു.ഇറേനിയൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി ലബനീസ് തലസ്ഥാനമായ ബെയ്റൂട്ടിൽ ഇന്നലെ വിമാനമിറങ്ങി. ലബനനിലെ സുഹൃത്തുക്കൾക്ക് ഇറാന്റെ ഉറച്ച പിന്തുണയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

# ഭൂമി കുംഭകോണം: ലാലുവിനും മക്കൾക്കും ജാമ്യം

ന്യൂഡൽഹി: ഭൂമി കുംഭകോണ കേസിൽ ആർജെഡി നേതാവും ബിഹാർ മുൻ മുഖ്യമന്ത്രിയുമായ ലാലു പ്രസാദ് യാദവിനും മക്കളായ തേജസ്വി യാദവിനും തേജ് പ്രതാപ് യാദവിനും ഡൽഹി റൗസ് അവന്യൂ കോടതി ജാമ്യം അനുവദിച്ചു.

കേസിന്റെ അന്വേഷണത്തിനിടെയല്ല അറസ്റ്റുണ്ടായതെന്നു ചൂണ്ടിക്കാട്ടിയ കോടതി കുറ്റാരോപിതർ ഒരു ലക്ഷം രൂപവീതം ജാമ്യത്തുകയായി കെട്ടിവയ്ക്കണമെന്നും നിർദേശിച്ചു.

കോടതി അയച്ച സമൻസിന്റെ അടിസ്ഥാനത്തിലാണ് ലാലു പ്രസാദ് യാദവും മക്കളും കോടതിയിൽ ഹാജരായത്. മൂവരോടും പാസ്പോർട്ടുകൾ കൈമാറാനും കോടതി ഉത്തരവിട്ടിട്ടുണ്ട്.

ലാലു പ്രസാദ് യാദവ് ഒന്നാം യുപിഎ സർക്കാരിന്റെ കാലത്ത് റെയിൽവേ മന്ത്രിയായിരുന്നപ്പോൾ ഉദ്യോഗാർഥികളിൽനിന്നു ഭൂമി കോഴയായി വാങ്ങി റെയിൽവേയിൽ ജോലി നൽകിയെന്നാണു കേസ്.

അഴിമതിയിലൂടെ ലാലുവിന്റെ കുടുംബവുമായി ബന്ധമുള്ള കന്പനികൾ ബിഹാറിന്റെ വിവിധ ഭാഗങ്ങളിൽ സ്വത്ത് സന്പാദിച്ചിട്ടുണ്ടെന്ന് അന്വേഷണ ഏജൻസികൾ ആരോപിക്കുന്നു. ലാലു പ്രസാദ് യാദവും രണ്ട് ആൺമക്കളും കൂടാതെ ഭാര്യയും രണ്ടു പെൺമക്കളും കേസിൽ അന്വേഷണം നേരിടുന്നുണ്ട്.

# മുഖ്യമന്ത്രി എന്തോ ഒളിക്കുന്നു; ചീഫ് സെക്രട്ടറിയെയും ഡിജിപിയെയും വിളിപ്പിച്ചത് ചട്ട പ്രകാരമെന്ന് മുഖ്യമന്ത്രിക്ക് ഗവർണറുടെ കത്ത്

തിരുവനന്തപുരം: മലപ്പുറം പരാമർശ വിവാദത്തിൽ ചീഫ് സെക്രട്ടറിയെയും ഡിജിപിയെയും വിളിപ്പിച്ചത് ചട്ട പ്രകാരമെന്ന് വ്യക്തമാക്കി മുഖ്യമന്ത്രിക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വീണ്ടും കത്തയച്ചു. സാങ്കേതികത്വം പറഞ്ഞു ക്രിമിനൽ പ്രവർത്തനം മറച്ചു വെക്കാൻ ആകില്ലെന്നും കത്തിൽ ഗവർണർ പറയുന്നു.

താൻ ചോദിച്ച കാര്യങ്ങൾ ബോധിപ്പിക്കാത്തത് ചട്ട ലംഘനമാണ്. ഭരണഘടനാ ബാധ്യത നിറവേറ്റാത്തതായി കണക്കാക്കുമെന്നും ഗവർണർ പറയുന്നു.

ചീഫ് സെക്രട്ടറിയെയും ഡിജിപിയെയും വിളിപ്പിച്ചത് ചട്ട പ്രകാരമാണ്. മുഖ്യമന്ത്രി എന്തോ ഒളിക്കുന്നതായും ഗവർണറുടെ കത്തിൽ രൂക്ഷമായ വിമർശനമുണ്ട്.

ഫോൺ ചോർത്തൽ വിഷയത്തിൽ അടിയന്തര റിപ്പോർട്ട് തേടി മൂന്നാഴ്ച മുൻപാണ് ഗവർണർ കത്തയച്ചത്.

മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ വന്ന 'സ്വർണക്കടത്ത്, ദേശവിരുദ്ധ പ്രവർത്തനം' തുടങ്ങിയ പരാമർശങ്ങളിൽ നാലു ദിവസം മുൻപാണ് ഗവർണർ വിശദീകരണം തേടിയത്.

ദേശവിരുദ്ധർ ആരെന്ന് വ്യക്തമാക്കണമെന്നും ദേശവിരുദ്ധ പ്രവർത്തനം എന്തുകൊണ്ടറിയിച്ചില്ലെന്നും ഗവർണർ കത്തിൽ ചൂണ്ടിക്കാട്ടി. എപ്പോഴാണ് ഇതിനെക്കുറിച്ച് അറിഞ്ഞതെന്നും ആരാണ് ഇതിനു പിന്നിലെന്ന് അറിയിക്കണമെന്നും കത്തിൽ പറയുന്നു. എന്നാൽ ഇതിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിലാണ് ഡിജിപിയോടും ചീഫ് സെക്രട്ടറിയോടും ഗവർണർ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ടത്.

തുടർന്ന് ചീഫ് സെക്രട്ടറിയെയും ഡിജിപിയെയും ഗവർണർ രാജ്ഭവനിലേക്ക് വിളിപ്പിച്ചതിനെതിരേ മുഖ്യമന്ത്രി പിണറായി വിജയൻ രംഗത്തെത്തുകയായിരുന്നു. സർക്കാരിനെ അറിയിക്കാതെ ഉദ്യോഗസ്ഥരെ വിളിച്ചുവരുത്താൻ ഗവർണർക്ക് അധികാരമില്ലെന്ന് ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി ഗവർണർക്ക് കത്തയച്ചിരുന്നു.

ഇന്ന് വൈകിട്ട് നാലിന് രാജ്ഭവനിൽ നേരിട്ടെത്തി വിശദീകരണം നൽകാനാണ് ചീഫ്സെക്രട്ടറിയോടും ഡിജിപിയോടും ഗവർണർ ആവശ്യപ്പെട്ടത്. ഇരുവിഷയങ്ങളിലും ഗവർണർ ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാർ ഇതുവരെ നൽകിയിട്ടില്ല.

ഗവർണറുടേത് ചട്ടവിരുദ്ധ നടപടിയാണ്. നേരിട്ടു ചീഫ് സെക്രട്ടറിയെ വിളിച്ചുവരുത്താൻ ഗവർണർക്ക് അധികാരമില്ലെന്നും മുഖ്യമന്ത്രിയോട് ആവശ്യമുന്നയിക്കാനേ കഴിയൂ എന്നുമുള്ള വാദമാണ് സർക്കാർ ഉയർത്തുന്നത്.

# പട്ടികജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് വിദേശത്തടക്കം ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തും: മന്ത്രി ഒ ആർ കേളു

ഗുണ നിലവാരമുള്ള വിദ്യാഭ്യാസം നൽകി പട്ടികജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് വിദേശത്തടക്കം ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുമെന്ന് പട്ടികജാതി പട്ടികവർഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പട്ടിക ജാതി പട്ടിക വർഗ പിന്നോക്ക ക്ഷേമ വകുപ്പ് സംഘടിപ്പിച്ച വിദേശ വിദ്യാഭ്യാസവും തൊഴിലവസരങ്ങളും ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാസ യോഗ്യതയുള്ളവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ മികച്ച പ്രകടനം വിദ്യാർഥികൾ നടത്തണം. പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്കുള്ള വിവിധ പദ്ധതിക്കുള്ള അപേക്ഷകൾ സമയ ബന്ധിതമായും തെറ്റുകൂടാതെയും സമർപ്പിക്കുന്നതിൽ വിദ്യാർഥികളും രക്ഷിതാക്കളും ജാഗ്രത കാട്ടണം. വിദേശ രാജ്യങ്ങളിലെ അഡ്മിഷനടക്കം ഇത് ബാധകമാണ്. ജോലിസംബന്ധമായ മൽസരങ്ങൾ കൂടുന്നു എന്നതും പല രാജ്യങ്ങളും തദ്ദേശീയരെ പരിഗണിക്കുന്നു എന്നതും പ്രധാനഘടകങ്ങളാണ്. മറ്റു രാജ്യങ്ങളിലെത്തിയാലും സൗഹൃദ അന്തരീക്ഷം നിലനിർത്താൻ വിദ്യാർഥികൾ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

പട്ടികവിഭാഗ വിദ്യാർഥികൾക്ക് വിദേശ പഠന സ്കോളർഷിപ്പ് പദ്ധതി പട്ടിക ജാതി വികസന വകുപ്പും, ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODPEC) സാങ്കേതിക സഹായത്തോടുകൂടി 'ഗവൺമെന്റ് ഓഫ് കേരള ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി scdd.kerala.gov.in/ unnathikerala.org വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത്, ODPEC മുഖാന്തിരം നടത്തുന്ന സ്ക്രീനിംഗിനുശേഷം, സ്കോളർഷിപ്പ് സെലക്ഷൻ/ അപ്പീൽ കമ്മിറ്റി തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കാണ് വിദേശ പഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്.

വിദേശരാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമാകോഴ്സുകൾ, പി.എച്ച്,ഡി, പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. വേൾഡ് ടൈംസ് യൂണിവേഴ്സിറ്റി റാങ്കിംഗ് 500ന് അകത്തുള്ള യൂണിവേഴ്സിറ്റികളെയാണ് പരിഗണിക്കുന്നത്. ഇത്തരത്തിൽ ഓരോ വർഷവും 310 പേർക്കാണ് വിദേശ പഠന സ്കോളർഷിപ്പ് അനുവദിക്കുക.

കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായി തിരിച്ചാണ് പഠനസഹായം നൽകുന്നത്. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 25 ലക്ഷം രൂപ വരെയും, 12 മുതൽ 20 ലക്ഷം വരെയുള്ളവർക്ക് ട്യൂഷൻഫീസായി 15 ലക്ഷവും, വിസ, വിമാന ടിക്കറ്റ്, ഹെൽത്ത് ഇൻഷുറൻസ്, ജീവിത ചെലവ് ഇനത്തിൽ 5 ലക്ഷവും ചേർത്ത് 20 ലക്ഷവും നൽകും.

20 ലക്ഷത്തിനു മേൽ ട്യൂഷൻഫീസായി 15 ലക്ഷവും നൽകുന്നു. ഇതേവരേ 675 പട്ടികജാതി വിദ്യാർഥികൾക്കും 41 പട്ടികവർഗ്ഗ വിദ്യാർഥികൾക്കും 57 പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കും ഉൾപ്പെടെ 773 കുട്ടികൾക്ക് വിദേശ സർവകലാശാലകളിൽ സ്കോളർഷിപ്പോടെ പഠനാവസരം ഒരുക്കിയതായും മന്ത്രി അറിയിച്ചു

പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ വി സജീവ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഒഡേപെക് മാനേജിംഗ് ഡയറക്ടർ അനൂപ് കെ, വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ സിന്ധു പരമേശ് എന്നിവർ പങ്കെടുത്തു.

# തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ: 10,000 ത്തിലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള വനിത ശിശുവികസന വകുപ്പിന്റെ പോഷ് കംപ്ലയന്റ്സ് പോർട്ടലിലൂടെ (h-ttp://po-sh.w-c-d.k-er-a-l-a.gov.in) 10,307 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതായി ആരോഗ്യ വനിത ശിശുവികസന മന്ത്രി വീണാ ജോർജ്. ഇതിൽ 5,440 സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചു. മേഖല അടിസ്ഥാനത്തിൽ ആക്ട് സംബന്ധിച്ച ബോധവത്ക്കരണം നൽകും. എല്ലാ സ്ഥാപനങ്ങളിലും നിയമാനുസൃത കമ്മിറ്റികൾ രൂപീകരിക്കാൻ തീവ്ര യജ്ഞ പരിപാടി സംഘടിപ്പിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് പോഷ് കംപ്ലയന്റ്സ് പോർട്ടൽ സജ്ജമാക്കിയത്. 10 ജീവനക്കാരിലധികം ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി നിലവിലുണ്ടായിരിക്കേണ്ടതാണ്.

പത്തോ അതിലധികമോ ജീവനക്കാരുള്ള (സ്ഥിരം, താൽക്കാലികം) തൊഴിലിടങ്ങളിലെ സ്ഥാപന മേധാവികൾ / തൊഴിലുടമകൾ എന്നിവർ അവരുടെ ഇന്റേണൽ കമ്മിറ്റി വിവരങ്ങൾ, ഇന്റേണൽ കമ്മിറ്റിയിൽ ലഭിച്ച പരാതികളുടെ എണ്ണം, റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ നൽകണം. പത്തിൽ താഴെ ജീവനക്കാരുള്ള പൊതു, സ്വകാര്യ സ്ഥാപനങ്ങളിലെ സ്ത്രീ ജീവനക്കാർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ എന്നിവർ കളക്ടറേറ്റിലെ ലോക്കൽ കമ്മിറ്റിയിൽ സമർപ്പിക്കുന്ന പരാതികളുടെ എണ്ണം, ലോക്കൽ കമ്മിറ്റി വിവരങ്ങൾ, റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ അതാതു ജില്ലാ കളക്ടർ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഉദ്യോഗസ്ഥ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. സ്ഥാപന മേധാവികൾ/ തൊഴിലുടമകൾക്കെതിരായ പരാതിയാണെങ്കിൽ അത് ലോക്കൽ കമ്മിറ്റിയിൽ നൽകണം.

സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു സംവിധാനം ആവിഷ്ക്കരിച്ചത്. ഏതൊക്കെ സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെന്ന് അറിയാൻ ഇതിലൂടെ സാധിക്കും.

സംസ്ഥാനത്തെ എല്ലാ ഇന്റേണൽ കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും വകുപ്പിന് സാധിക്കും. സ്ത്രീകൾക്ക് ലഭ്യമാകേണ്ട നിയമ സംരക്ഷണവും നീതിയും ഇതിലൂടെ ഉറപ്പാക്കാനും കഴിയും.

# കേന്ദ്ര സർക്കാർ ജോലി വാഗ്ദാന തട്ടിപ്പ്: ഡിവൈഎഫ്ഐ വനിതാ നേതാവ് തട്ടിയത് രണ്ട് കോടി

കാസർഗോഡ്: കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് നിരവവധി പേരിൽനിന്നു ഡിവൈഎഫ്ഐ നേതാവായ അധ്യാപിക തട്ടിയെടുത്തത് രണ്ടുകോടി രൂപയെന്ന് പോലീസ്. കുമ്പള കിദൂർ സ്വദേശിനി നിഷ്മിത ഷെട്ടിയുടെ (24) പരാതിയിൽ അധ്യാപികയായ സചിത റൈയ്ക്കെതിരേ കുന്പള പോലീസ് കേസെടുത്തിരുന്നു.

തുടർന്ന്, പോലീസ് നടത്തിയ അന്വേഷണത്തിലാണ് നിരവധി പേരിൽ നിന്നും പണം തട്ടിയെടുത്തതായി വിവരം ലഭിക്കുന്നത്. ബിരുദധാരിയായ നിഷ്മിതയ്ക്ക് കാർഷിക ഗവേഷണ സ്ഥാപനമായ സിപിസിആർഐയിൽ (കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം) ജോലി വാഗ്ദാനം ചെയ്ത് 15.5 ലക്ഷം രൂപ വാങ്ങി വഞ്ചിച്ചെന്നാണ് പരാതി.

2023 മേയ് 31 മുതൽ ഓഗസ്റ്റ് 25 വരെയുള്ള കാലയളവിൽ നിരവധി തവണകളായി ബാങ്ക് അക്കൗണ്ട് വഴിയും ഗൂഗിൾ പേ വഴിയുമാണ് പണം കൈമാറിയിട്ടുള്ളത്.

കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ അധ്യാപക ജോലി വാഗ്ദാനം ചെയ്ത് മറ്റൊരാളിൽ നിന്നു വലിയൊരു തുക തട്ടിയെടുത്തതായി ആരോപണമുണ്ട്.

വാഗ്ദാനം ചെയ്ത ജോലി ഉറപ്പിക്കാൻ ബിജെപിയുമായി ബന്ധമുള്ള കർണാടക സ്വദേശിക്ക് 75 ലക്ഷം രൂപ സചിത കൈമാറിയതായും ഇതിന്റെ ചെക്ക് അവർ വാങ്ങിവച്ചതായും സൂചനയുണ്ട്. മുമ്പ് അംഗഡിമൊഗർ ജിഎച്ച്എസ്എസിൽ താത്കാലിക അധ്യാപികയായിരുന്ന സചിത പിന്നീട് മാനേജ്മെൻറ് സ്കൂളായ ബാഡൂർ എഎൽപിഎസിൽ സ്ഥിരം അധ്യാപികയായി ജോലിക്ക് കയറി.

മറ്റൊരാളിൽനിന്നാണ് സചിതയെക്കുറിച്ച് അറിയുന്നതെന്നും കടം വാങ്ങിയും ആഭരണങ്ങൾ പണയം വെച്ചുമാണ് ആവശ്യപ്പെട്ട തുക നൽകിയതെന്നും ഒരു അധ്യാപിക തന്നെ ചതിക്കുമെന്ന് കരുതിയില്ലെന്നും നിഷ്മിത പറഞ്ഞു.

കടുത്ത ആർഎസ്എസ്ബിജെപി വിമർശക, മികച്ച കന്നഡ പ്രാസംഗിക എന്നീ നിലകളിൽ ശ്രദ്ധേയായ സചിത മഞ്ചേശ്വരം മേഖലയിലെ സിപിഎമ്മിന്റെ യുവനേതാക്കളിൽ പ്രമുഖയാണ്. ബാലസംഘത്തിലൂടെ രാഷ്ട്രീയജീവിതം ആരംഭിച്ച സചിത അതിന്റെ സംസ്ഥാന കമ്മിറ്റിയംഗവുമായി. ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റിയംഗം, ബ്ലോക്ക് കമ്മിറ്റിയംഗം, ജനാധിപത്യ മഹിള അസോസിയേഷൻ ജില്ലാ കമ്മിറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കോഴിക്കോട് സ്വദേശിയെ വിവാഹം ചെയ്ത സചിത ഇപ്പോൾ പ്രസവാവധിയിലാണുള്ളത്. നിലവിൽ കോഴിക്കോട് താമസിക്കുന്നതിനാൽ സചിതയെ ജില്ലാ കമ്മിറ്റിയിൽനിന്നും ഒരാഴ്ച മുമ്പ് നീക്കം ചെയ്തതായും അവർക്കെതിരെ ഉയർന്ന പരാതികളെക്കുറിച്ച് അറിയില്ലെന്നും ഡിവൈഎഫ്ഐ ജില്ലാ നേതൃത്വം അറിയിച്ചു.

# എഡിജിപി പി. വിജയൻ സംസ്ഥാന ഇൻറലിജൻസ് മേധാവി; നിർണായക ഉത്തരവിറക്കി സർക്കാർ

തിരുവനന്തപുരം: മുതിർന്ന ഐപിഎസ് ഉദ്യോഗസ്ഥൻ എഡിജിപി പി. വിജയനെ സംസ്ഥാന ഇൻറലിജൻസ് വിഭാഗം മേധാവിയായി നിയമിച്ചു. ഇതുസംബന്ധിച്ച നിർണായക ഉത്തരവിറങ്ങി. നിലവിൽ പോലീസ് അക്കാദമി ഡയറക്ടറാണ് അദ്ദേഹം.

ഇൻറലിജൻസ് വിഭാഗം മേധാവി മനോജ് ഏബ്രഹാം ക്രമസമാധാന ചുമതലയിലേക്ക് മാറിയതോടെയാണ് പകരം പി. വിജയനെ നിയമിച്ചിരിക്കുന്നത്. അതേസമയം, പോലീസ് അക്കാദമി ഡയറക്ടറായി എറണാകുളം റേഞ്ച് ഐജി എ. അക്ബറിനെയും നിയമിച്ചു. ക്രമസമാധാന ചുമതലയുള്ള മുൻ എഡിജിപി എം.ആർ. അജിത് കുമാറിന്റെ റിപ്പോർട്ടിനെ തുടർന്ന് സസ്പെൻഷനിലായ ഉദ്യോഗസ്ഥനാണ് എഡിജിപി പി. വിജയൻ. ഏലത്തൂർ ട്രെയിൻ തീവയ്പ് കേസിൽ പ്രതിയുമായുള്ള യാത്രാവിവരങ്ങൾ പുറത്തായത് വിജയൻ വഴിയാണെന്നായിരുന്നു അജിത്കുമാറിന്റെ റിപ്പോർട്ട്. എന്നാൽ, ഇത് അന്വേഷണത്തിൽ തള്ളിയതിനെ തുടർന്ന് പി. വിജയനെ സർവീസിൽ തിരിച്ചെടുക്കുകയായിരുന്നു.

കോഴിക്കോട് സ്വദേശിയായ പി. വിജയൻ 1999 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ്. ഉത്തരമേഖലാ ഐജിയായിരിക്കെയാണ് അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുന്നത്.

# കാഷ്മീരിൽ അക്കൗണ്ട് തുറന്ന് എഎപി; ഒമർ അബ്ദുള്ള മുഖ്യമന്ത്രിയാകും

ശ്രീനഗർ: ജമ്മുകാഷ്മീരിൽ പത്തുവർഷത്തിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഇന്ത്യാ സഖ്യം അധികാരത്തിലേക്ക്. ഒമർ അബ്ദുള്ള മുഖ്യമന്ത്രിയാകുമെന്ന് നാഷണൽ കോൺഫറൻസ് പ്രസിഡൻറ് ഫറൂഖ് അബ്ദുള്ള പറഞ്ഞു.

നാഷണൽ കോൺഫറൻസ് 40 സീറ്റിലും കോൺഗ്രസ് ആറുസീറ്റിലും ബിജെപി 29 സീറ്റിലും ലീഡു ചെയ്യുകയാണ്. എൻസിയുടെ ഒമർ അബ്ദുള്ള മത്സരിച്ച രണ്ടിടങ്ങളിലും വിജയം ഉറപ്പിച്ച് മുന്നേറുകയാണ്. അതിനിടെ സംസ്ഥാനത്ത് ആം ആദ്മി പാർട്ടി അക്കൗണ്ട് തുറന്നു. ദോഡ മണ്ഡലത്തിൽ എഎപി സ്ഥാനാർഥി മെഹ്റാജ് മാലിക്ക് വിജയിച്ചു. ജമ്മുകാഷ്മീരിൽ വിജയിക്കാനായതിൽ അഭിമാനമുണ്ടെന്ന് അരവിന്ദ് കേജരിവാൾ പറഞ്ഞു. ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി കുൽഗാമിൽ മത്സരിച്ച സിപിഎം സ്ഥാനാർഥി മുഹമ്മദ് യൂസഫ് തരിഗാമിയും വിജയിച്ചു. മുൻ മുഖ്യമന്ത്രി മെഹബൂബ മുഫ്തിയുടെ മകളും പിഡിപി സ്ഥാനാർഥിയുമായ ഇൽത്തിജ മുഫ്തി ബിജ്ബിഹേര മണ്ഡലത്തിൽ പരാജയം സമ്മതിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാർബൺ ഡൈഓക്സൈഡിൻെറ അളവ് കുറയ്ക്കാൻ എൻഐഐഎസ്ടി പദ്ധതി

## പദ്ധതി വിലയിരുത്തലിൽ പങ്കാളിയായി ടാറ്റ സ്റ്റീൽ ലിമിറ്റഡ്

തിരുവനന്തപുരം: കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി(എൻഐഐഎസ്ടി) യുടെ നൂതന പരിസ്ഥിതി സൗഹൃദ പദ്ധതിയുടെ വിലയിരുത്തൽ പ്രക്രിയയിൽ ടാറ്റ സ്റ്റീൽ ലിമിറ്റഡ് (ടിഎസ്എൽ) പങ്കാളിയാകും.

ഉരുക്ക് വ്യവസായശാലകളിൽ നിന്ന് പുറന്തള്ളുന്ന കാർബൺ ഡൈഓക്സൈഡിൻറെ അളവ് കുറയ്ക്കുന്നതിനുള്ള എൻഐഐഎസ്ടി യുടെ പദ്ധതിയാണ് ടാറ്റ സ്റ്റീൽ ലിമിറ്റഡിൻറെ (ടിഎസ്എൽ) മേൽനോട്ടത്തിൽ വിലയിരുത്തുക. ഇത് സംബന്ധിച്ച ധാരണാപത്രം ഇരുസ്ഥാപനങ്ങളും കൈമാറി. എൻഐഐഎസ്ടി സ്ഥാപകദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിലാണ് ധാരണാപത്രം കൈമാറിയത്.നിലക്കടല, ചോളം എന്നിവയിൽ നിന്നുള്ള കാർഷികാവശിഷ്ടങ്ങളിൽ നിന്ന് തുകൽ നിർമ്മിക്കുന്നതിനുള്ള എൻഐഐഎസ്ടി യുടെ സാങ്കേതികവിദ്യ സൂറത്തിലെ സ്റ്റാർട്ടപ്പായ ലീഫി ലെതർ പ്രൈവറ്റ് ലിമിറ്റഡിനും തദവസരത്തിൽ കൈമാറി.ചടങ്ങിൽ ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമി പ്രസിഡണ്ട് അശുതോഷ് ശർമ്മ ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ.സി. അനന്തരാമകൃഷ്ണൻ അധ്യക്ഷനായി. ടിഎസ്എൽ ചീഫ് ടെക്നോളജി ഓഫീസർപ്രോസസ് ഡോ. അതനു രഞ്ജൻ പാലും പങ്കെടുത്തു.ടാറ്റാ സ്റ്റീൽ ലിമിറ്റഡുമായി ഇത്തരമൊരു ധാരണാപത്രം ഒപ്പിടുന്നതിൽ അത്യധികം സന്തോഷമുണ്ടെന്ന് ഡോ.സി. അനന്തരാമകൃഷ്ണൻ പറഞ്ഞു. സസ്യാവശിഷ്ടങ്ങളിൽ നിന്ന് വ്യാവസായിക മൂല്യമുള്ള ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനാണ് എൻഐഐഎസ്ടി മുൻഗണന നല്കുന്നത്. മാലിന്യസംസ്കരണം, തുകൽ ഉത്പാദനവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രത്യാഘാതം എന്നിങ്ങനെയുള്ള ആഗോള വെല്ലുവിളികളെ നേരിടാൻ ഈ പരിപാടി ലക്ഷ്യമിടുന്നു. ജൈവമാലിന്യങ്ങളിൽ നിന്നുള്ള നൂതന ഉത്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന സാങ്കേതികവിദ്യകളുടെ കൈമാറ്റത്തിന് ഈ പദ്ധതി വഴിയൊരുക്കി. പാരിസ്ഥിതിക സുസ്ഥിരതയും സാമ്പത്തിക വളർച്ചയും ഇതിലൂടെ കൈവരിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അത്യാധുനിക സംസ്കരണ പ്രക്രിയകളിലൂടെ കാർഷികാവശിഷ്ടങ്ങളിൽ നിന്ന് നിർമ്മിക്കപ്പെടുന്ന തുകലിന് കാർബൺ ഫൂട്ട്പ്രിൻറ് കുറയ്ക്കുന്നതിന് വലിയ പങ്കുണ്ട്. വളരെക്കാലം ഈട് നില്ക്കുന്ന ഈ ഉത്പന്നം വാഹനങ്ങളിലും വീടുകളിലും ഒരുപോലെ ഉപയോഗിക്കാനാകും. മൃഗങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന തുകലിനേക്കാൾ പരിസ്ഥിതി സൗഹൃദമാണ് കാർഷിക വിഭവങ്ങളിൽ നിന്നുള്ളത്.




*തിരുവനന്തപുരത്തെ സിഎസ്ഐആർഎൻഐഐഎസ്ടി സ്ഥാപകദിനത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ നാഷണൽ സയൻസ് അക്കാഡമി പ്രസിഡണ്ട് പ്രൊഫ. അശുതോഷ് ശർമ, ടിഎസ്എൽ ചീഫ് ടെക്നോളജി ഓഫീസർപ്രോസസ് ഡോ. അതനു രഞ്ജൻ പാൽ എന്നിവർ സി.എസ്.ഐ.ആർ.എൻ.ഐ.ഐ.എസ്.ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, സി.എസ്.ഐ.ആർ.എൻ.ഐ.ഐ.എസ്.ടി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോഷി ജോസഫ്, മെറ്റീരിയൽ സയൻസ് ആൻഡ് ടെക്നോളജി വിഭാഗം മേധാവി ഡോ. എസ്. അനന്തകുമാർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. യു.എസ്. ഹരീഷ്, ബിസിനസ് ഡെവലപ്മെന്റ് വിഭാഗം മേധാവി ഡോ. പി.നിഷി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആൻറണി പീറ്റർ രാജ, എൻ.ഐ.ഐ.എസ്.ടി സയന്റിസ്റ്റ് എഞ്ചിനീയർ. വെങ്കിടേശൻ. ജെ എന്നിവർക്കൊപ്പം.*

# സുജിത് ദാസിനെതിരായ പീഡനപരാതി വ്യാജമെന്നു സർക്കാർ കോടതിയിൽ

കൊച്ചി: മലപ്പുറം മുൻ എസ്പി എസ്. സുജിത്ദാസ് അടക്കം മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്കെതിരേ പൊന്നാനിയിലെ വീട്ടമ്മ നൽകിയ പീഡനപരാതി വ്യാജമെന്നു സർക്കാർ ഹൈക്കോടതിയിൽ.സ്വത്ത് തർക്കവുമായി ബന്ധപ്പെട്ട് പരാതി നൽകാനെത്തിയപ്പോൾ, ഇപ്പോൾ സസ്പെൻഷനിലുള്ള അന്നത്തെ മലപ്പുറം എസ്പി സുജിത് ദാസ് ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർ ബലാത്സംഗം ചെയ്തെന്ന പരാതിയിൽ കേസെടുത്തില്ലെന്ന് ആരോപിച്ചാണു വീട്ടമ്മ ഹർജി നൽകിയത്.

പരാതിക്ക് യാതൊരടിസ്ഥാനവുമില്ലെന്നാണ് മലപ്പുറം അഡീഷണൽ എസ്പി നൽകിയ റിപ്പോർട്ടിൽ പറയുന്നത്. പരാതിക്കാരിയുടെ മൊഴികൾ പരസ്പരവിരുദ്ധമാണ്. എസ്പി അടക്കമുള്ളവർക്കെതിരേ കേസെടുക്കാനുള്ള തെളിവില്ല. വ്യാജപരാതിയിൽ കേസെടുത്താൽ ഉദ്യോഗസ്ഥരുടെ മനോവീര്യം തകരും. സംഭവം നടന്ന സ്ഥലങ്ങൾ, തീയതി എന്നിവയിലെല്ലാം പരാതിക്കാരിയുടെ മൊഴികൾ പരസ്പരവിരുദ്ധമാണ്.

ഉദ്യോഗസ്ഥരുടെ സിഡിആർ അടക്കമുള്ളവ പരിശോധിച്ചിട്ടും കേസെടുക്കാനുള്ള യാതൊരു തെളിവും ലഭിച്ചിട്ടില്ല. അതിനാൽ കേസെടുക്കണമെന്ന പരാതിക്കാരിയുടെ ഹർജി തള്ളണമെന്നാണു സർക്കാർ കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നത്.എസ്എച്ച്ഒ വിനോദിനെതിരായ പരാതി മുമ്പ് രണ്ട് ഉന്നത ഉദ്യോഗസ്ഥർ അന്വേഷിച്ച് അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതാണ്. പീഡനം നടന്നതായി പറയുന്ന ദിവസം വിനോദ് സ്ഥലത്തുണ്ടായിരുന്നില്ലെന്ന് ഫോൺകോൾ രേഖയിൽനിന്നു വ്യക്തമാണ്. ആദ്യഘട്ടത്തിൽ ഡിവൈഎസ്പി ബെന്നിക്കെതിരേ യുവതി പരാതി നൽകിയിരുന്നില്ല. ഇതു കൂട്ടിച്ചേർത്തതാണ്.യുവതിയുടെ ആരോപണം ശരിയല്ലെന്നു വ്യക്തമാക്കുന്നതാണ് സാക്ഷികളായ റഫീഖും മറ്റു പോലീസ് ഉദ്യോഗസ്ഥരും നൽകിയ മൊഴികളെന്നും റിപ്പോർട്ടിൽ പറയുന്നു. ജില്ലാ പോലീസ് ഓഫീസർക്കടക്കം പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്തില്ലെന്നാണു ഹർജിക്കാരിയുടെ ആരോപണം.മലപ്പുറം എസ്പി, അഡീഷണൽ പോലീസ് സൂപ്രണ്ട്, പൊന്നാനി എസ്എച്ച്ഒ എന്നിവരെ എതിർകക്ഷിയാക്കിയാണു ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

# വിദ്യാർഥിനിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ കേസ്: കൂടുതൽ പ്രതികൾ ഉണ്ടെന്ന് പോലീസ്

കോഴിക്കോട്: മുക്കത്തിനടുത്ത് കിഴക്കൻ മലയോര മേഖലയിലെ ഹൈസ്കൂൾ വിദ്യാർഥിനിയെ പീഡിപ്പിച്ച സംഭവത്തിൽ കൂടുതൽ പ്രതികളെന്ന് പോലീസ്. കുട്ടിയുടെ അമ്മയുടെ സുഹൃത്തുക്കളാണു പിടിയിലായവർ. ഇനി പിടിയിലാകാനുള്ളവരും ഇവരുമായി ബന്ധമുള്ളവരാണെന്നാണു പോലീസ് പറയുന്നത്.അമ്മയെയും സുഹൃത്തുക്കളെയും ഒരുമിച്ചിരുത്തി ചോദ്യം ചെയ്യും. വർഷങ്ങളായി കുട്ടിയെ ഇവർ ശാരീരികമായി പീഡിപ്പിച്ചിരുന്നുവെന്നാണ് വിവരം. ഹൈസ്കൂൾ വിദ്യാർഥിനിയായ 15 വയസുകാരിയെ വയറുവേദനയെത്തുടർന്ന് ആശുപത്രിയിൽ പ്രവശിപ്പിച്ചപ്പോഴാണ് പീഡിപ്പിക്കപ്പെട്ട വിവരവും ആറുമാസം ഗർഭിണിയാണെന്ന കാര്യവും അറിയുന്നത്.

തുടർന്നുള്ള അന്വേഷണത്തിൽ മാതാവിന്റെ സുഹൃത്തുക്കളായ ആസാം സ്വദേശി മോമൻ അലി, മലപ്പുറം അരീക്കോട് ഊർങ്ങാട്ടിരി സ്വദേശികളായ മുഹമ്മദ് അനസ്, യൂസഫ് എന്നിവരെയാണ് മുക്കം പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്. പെൺകുട്ടിയുടെ മൊഴിയിലും കുടുതൽ പേർ പീഡിപ്പിച്ചതായി പറയുന്നുണ്ട്. വിദ്യാർഥിനി ഇപ്പോൾ തിരുവനന്തപുരം ചൈൽഡ് കെയറിലാണുള്ളത്.

## സിറ്റിങ് നടത്തും

കോഴിക്കോട് ലേബർ കോടതി പ്രിസൈഡിങ് ഓഫീസർ ജസ്റ്റിസ് രാജീവ് ജയരാജ് (ജില്ലാ ജഡ്ജ്) ഒക്ടോബർ 16 ന് രാവിലെ 11 മണിക്ക് പാലക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സിറ്റിങ് നടത്തുന്നു. തൊഴിൽ തർക്ക സംബന്ധമായി പാലക്കാട് ക്യാമ്പ് സിറ്റിങ്ങിൽ വിളിച്ചുവരുന്ന എല്ലാ കേസുകളും വിചാരണ ചെയ്യും.

# കവർച്ച സംഘത്തെ ആന്ധ്രപ്രദേശ് പോലീസ് തൃശൂരിലെത്തി ചോദ്യം ചെയ്തു

തൃശൂർ: മൂന്ന് എടിഎമ്മുകൾ തകർത്ത് ലക്ഷങ്ങൾ കവർന്ന കേസിൽ കേരള പോലീസ് കസ്റ്റഡിയിലെടുത്ത ഹരിയാന സ്വദേശികളായ കവർച്ച സംഘത്തെ ആന്ധ്രപ്രദേശ് പോലീസ് തൃശൂരിലെത്തി ചോദ്യം ചെയ്തു. രണ്ടുമാസം മുന്പ് ആന്ധ്രയിൽ നടന്ന എടിഎം കവർച്ചകളുമായി ബന്ധപ്പെട്ടായിരുന്നു ചോദ്യം ചെയ്യൽ.

ഓഗസ്റ്റ് 18ന് ആന്ധ്രയിലെ രണ്ട് എടിഎമ്മുകളിൽ നിന്നായി 39 ലക്ഷം കവർന്ന കേസിലായിരുന്നു നടപടി. തൃശൂർ ടൗൺ ഈസ്റ്റ് സ്റ്റേഷനിൽ എത്തിയാണ് കേരള പോലീസ് കസ്റ്റഡിയിൽ വാങ്ങിയ തൃശൂർ എടിഎം കവർച്ചാ കേസിലെ അഞ്ച് പ്രതികളെ ആന്ധ്ര പോലീസ് ചോദ്യം ചെയ്തത്.

ആന്ധ്രയിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ അഞ്ച് എടിഎമ്മുകളിൽ നിന്നായി ഒന്നരക്കോടിയോളം രൂപ കവർച്ച ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഇപ്പോൾ തമിഴ്നാട് പോലീസ് പിടികൂടിയ ഈ സംഘം തന്നെയാണ് കവർച്ചയ്ക്ക് പിന്നിലെന്നും ആന്ധ്രയിൽ നിന്നെത്തിയ പോലീസ് സംഘം പറഞ്ഞു. ആന്ധ്രയിലെ പർവാസ, കാപ്പിൻപോട്ട സ്റ്റേഷൻ പരിധികളിലുള്ള എടിഎമ്മുകളിൽ നടന്ന കവർച്ചകളുടെ അന്വേഷണവുമായി ബന്ധപ്പെട്ടതാണ് ആന്ധ്ര പോലീസ് തൃശൂരിലെത്തിയത്.

ഈ രണ്ടിടങ്ങളിലെ ഒരു എടിഎമ്മിൽ നിന്ന് 19 ലക്ഷവും മറ്റൊന്നിൽനിന്ന് 29 ലക്ഷവുമാണ് കവർന്നത്. തൃശൂരിൽ ഒന്നര മണിക്കൂറുകൾക്കുള്ളിൽ മൂന്നു എടിഎമ്മുകൾ തകർത്ത് 69 ലക്ഷത്തിലധികം രൂപയാണ് ഹരിയാന സ്വദേശികളായ പ്രതികൾ കവർന്നത്.

പണവുമായി രക്ഷപ്പെടുന്നതിനിടെ തമിഴ്നാട്ടിലെ നാമക്കലിൽ വച്ച് തമിഴ്നാട് പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിലാണ് പ്രതികൾ പിടിയിലായത്. ഏറ്റുമുട്ടലിൽ കവർച്ചാ സംഘത്തിലെ ഒരാൾ കൊല്ലപ്പെടുകയും ഒരാൾ പരിക്കേറ്റ് ആശുപത്രിയിലുമാണ്.

പിടിയിലായ എടിഎം കവർച്ചാ സംഘത്തെ തേടി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് സംഘങ്ങൾ തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ടിട്ടുണ്ട്. പല എടിഎം കവർച്ചകളിലും പിടിയിലായ ഈ സംഘത്തിന് പങ്കുണ്ടെന്നാണ് വിവരം.

സംഘത്തെ ആദ്യം ചോദ്യം ചെയ്യാൻ കസ്റ്റഡിയിൽ വിട്ടുകൊടുത്തത് തൃശൂർ ഈസ്റ്റ് പോലീസിനാണ്. കസ്റ്റഡിയിൽ വിട്ടുകിട്ടിയ സംഘത്തെ ചോദ്യം ചെയ്യുകയും മൊഴിയെടുക്കുകയും കഴിഞ്ഞ ദിവസം നടത്തുകയും ചെയ്തിരുന്നു. അഞ്ച് ദിവസത്തേക്കാണ് ഇവരെ കേരള പോലീസിന് കസ്റ്റഡിയിൽ കിട്ടിയിട്ടുള്ളത്.

എടിഎമ്മുകൾ തകർത്ത് കവർച്ച നടത്തി തമിഴ്നാട്ടിൽ അറസ്റ്റിലായ സംഘം നോട്ടു കത്താതെ എടിഎം ഗ്യാസ് കട്ടർ ഉപയോഗിച്ച് അറുത്തുമാറ്റുന്നതിൽ സ്പെഷ്യലൈസ് ചെയ്തവർ. തൃശൂരിൽ പോലീസ് കസ്റ്റഡിയിലുള്ള പ്രതികളെ ചോദ്യം ചെയ്യുന്പോഴാണ് പോലീസിന് ഇവരുടെ കട്ടിംഗിന്റെ വൈദഗ്ധ്യം മനസിലായത്.ഗ്യാസ് കട്ടർ ഉപയോഗിച്ച് എടിഎം ട്രേകളും മറ്റും അറുത്തുമാറ്റുന്പോൾ എടിഎമ്മിനകത്തെ നോട്ടുകൾ ഗ്യാസ് കട്ടറിൽ നിന്നുള്ള തീ കാരണം കത്തിനശിക്കാൻ സാധ്യതയേറെയാണ്. എന്നാൽ ഒറ്റ നോട്ടുപോലും കത്താതെ എടിഎമ്മിനകത്തെ മുഴുവൻ പണവും ഒരു തീപ്പോറൽ പോലുമേൽക്കാതെ കവർന്നെടുക്കാൻ മിടുക്കുള്ളവരാണ് ഈ സംഘം.കേടുവന്ന എടിഎമ്മുകളിൽ ഇവർ മോഷണത്തിന്റെ ട്രയൽ റണ്ണുകൾ നടത്തിയിരുന്നു. ഇതിനകത്ത് കടലാസുകൾ നോട്ടുകൾ പോലെ നിറച്ച് അവ കത്താതെ എടുക്കാൻ പരിശീലനം നേടിയാണ് ഇവർ ഫൈനൽ ഓപ്പറേഷന് ഇറങ്ങിത്തിരിക്കാറുള്ളതെന്നാണ് വിവരം.

പോലീസിന്റെ കസ്റ്റഡിയിലുള്ള അഞ്ചംഗ കവർച്ചാ സംഘം തൃശൂർ പോലീസിന്റെ ചോദ്യം ചെയ്യലിനോട് സഹകരിക്കാതെ തന്ത്രം പയറ്റുന്നു. ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ചോദ്യം ചെയ്തപ്പോഴെല്ലാം പ്രതികൾ തങ്ങൾക്കൊന്നുമറിയല്ല, സംഘാംഗങ്ങളെ പരിചയമില്ല തുടങ്ങിയ മറുപടികളാണ് നൽകുന്നത്.

തെളിവുകളും സിസിടിവി കാമറ ദൃശ്യങ്ങളുമെല്ലാം നിരത്തി പോലീസ് ചോദ്യം ചെയ്യുന്പോൾ അതിന് കൃത്യമായ ഉത്തരം നൽകാതെയാണ് പ്രതികൾ പെരുമാറുന്നത്. എന്നാൽ പ്രതികളുടെ മൊഴികളേക്കാളും കുറ്റസമ്മതത്തേക്കാളും നിർണായകമായി വിരലടയാളങ്ങളടക്കമുള്ള തെളിവുകൾ ലഭിച്ചതിനാൽ പ്രതികൾക്ക് രക്ഷപ്പെടാൻ സാധിക്കില്ലെന്ന് പോലീസ് വൃത്തങ്ങൾ പറയുന്നു.

കസ്റ്റഡി കാലാവധി കഴിഞ്ഞാൽ പ്രതികളെ കനത്ത സുരക്ഷയിൽ തന്നെ തിരിച്ച് തമിഴ്നാട്ടിലെത്തിക്കേണ്ട ചുമതലയും കേരള പോലീസിനുണ്ട്.

## സ്പോട്ട് അഡ്മിഷൻ

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ 202425 അധ്യയന വർഷത്തെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 18 ന് നടത്തും.

രജിസ്ട്രേഷൻ സമയം രാവിലെ 9 മണി മുതൽ 11 മണി വരെ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇനിയും അപേക്ഷ സമർപ്പിക്കാത്തവർക്കും അന്നേ ദിവസം അപേക്ഷ സമർപ്പിച്ച് കൗൺസിലിംഗിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക : www.polyadmission.or-g.

## സ്കിൽ കോഓർഡിനേറ്റർ ഒഴിവ്

സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി 202425 വർഷം തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ സ്കിൽ കോഓർഡിനേറ്റർ തസ്തികയിൽ 23 ഒഴിവുകൾ ഉണ്ട്. അപേക്ഷകൾ ഒക്ടോബർ 14 ന് വൈകിട്ട് 4 മണിക്ക് മുമ്പായി ചാല ഗവൺമെന്റ് ഗേൾസ് എച്ച്.എസ് കോമ്പൗണ്ടിലെ സമഗ്രശിക്ഷാ കേരളം ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

# ടോട്ടൽഎനർജീസ് ഐബിഎസിൻെറ ഐലൊജിസ്റ്റിക്സ് സോഫ്റ്റ് വെയർ ഉപയോഗിക്കും

തിരുവനന്തപുരം: ലോകത്തെ മുൻനിര ഇൻറഗ്രേറ്റഡ് എനർജി കമ്പനിയായ ടോട്ടൽഎനർജീസ് അവരുടെ ഇറാഖിലെ ലൊജിസ്റ്റിക്സ്, പേഴ്സണൽ സേവനങ്ങൾക്കായി ഐബിഎസ് സോഫ്റ്റ് വെയറിൻറെ സേവനങ്ങൾ ഉപയോഗിക്കും. ടോട്ടൽഎനർജീസ് എക്സ്പ്ലറേഷൻ പ്രൊഡക്ഷൻ റത്താവി ഹബ് (ടിഇപിആർഎച്) മുഖാന്തിരമാണ് ഇത് നടപ്പാക്കുന്നത്. ജീവനക്കാരുടെ യാത്രാസംവിധാനം, നിയന്ത്രണം, താമസസൗകര്യങ്ങൾ എന്നിവയെല്ലാം ഐബിഎസ് സോഫ്റ്റ് വെയറിൻറെ സംവിധാനത്തിലേക്ക് മാറും. ഇതുവഴി സുരക്ഷിതവും നിസ്സീമവുമായ ട്രാവൽ അനുഭവങ്ങൾ ഇവർക്ക് ലഭിക്കും.

ഐബിഎസ് സോഫ്റ്റ് വെയറിൻറെ ഐലൊജിസ്റ്റിക്സ് ക്ലൗഡ് സൊല്യൂഷൻ ആണ് ഇവർ ഉപയോഗിക്കുന്നത്. പേഴ്സണൽ ലൊജിസ്റ്റിക്സ്, മെറ്റീരിയൽ ലൊജിസ്റ്റിക്സ്, സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ ഇതിലൂടെ സമഗ്രമായി നിയന്ത്രിക്കാൻ സാധിക്കും. ഗതാഗത സൗകര്യങ്ങൾ, ചെക്ക് ഇൻ തുടങ്ങിയവ ഏകീകൃത പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കാനും സാധിക്കും. ടോട്ടൽഎനർജീസിൻറെ ഇറാഖിലെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ സുരക്ഷയും ഇതിലൂടെ ഉറപ്പുവരുത്താൻ ആകും.



സുരക്ഷ ഉറപ്പാക്കുന്നതിന് ഡൈനാമിക് റിസ്ക് അസസ്മെൻറും തത്സമയ ഡാറ്റയുടെ സഹായത്തോടെ ഒരുക്കുന്ന സുരക്ഷിത യാത്രാ നിയന്ത്രണവുമാണ് ഐലൊജിസ്റ്റിക്സ് നൽകുന്നത്. ഐലൊജിസ്റ്റിക്സ് അക്കോമോഡൈഷൻ മാനേജ്മൻറ് മൊഡ്യൂൾ വഴി അത്യാധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വ്യക്തികളുടെ ആഗമനം, പുറപ്പെടൽ, ജോലിസ്ഥലത്തെ താമസസൗകര്യം എന്നിവയും നിയന്ത്രിക്കാം.

ലൊജിസ്റ്റിക്സ് ഡെസ്പാച്ചുകൾക്ക് ടാബ് അധിഷ്ഠിതമായ ചെക് ഇൻ സംവിധാനം ഐലൊജിസ്റ്റിക്സ് നൽകും. വിമാനത്താവളങ്ങൾ, ക്യാമ്പുകൾ, എണ്ണപ്പാടങ്ങൾ, എന്നിവിടങ്ങളിലെല്ലാം ജീവനക്കാർക്ക് ഐലൊജിസ്റ്റിക്സിൻറെ ഗോ ക്യൂ ആർ കോഡ് ആർഎഫ്ഐഡി, സ്മാർട്ട് ബാഡ്ജ് എന്നിവ സ്കാൻ ചെയ്ത് നിസ്സീമമായ സേവനങ്ങൾ നേടാം. ഓഫ് ലൈൻ സംവിധാനം കൂടിയുള്ളതുകൊണ്ട് ഇൻറർനെറ്റിൻറെ അഭാവമുള്ള എണ്ണപ്പാടങ്ങൾ പോലുള്ള സ്ഥലങ്ങളിലും ഇത് ഏറെ ഗുണം ചെയ്യും.

ബിസിനസിൻറെ എല്ലാ വശങ്ങളിലും നൂതനത്വവും പ്രവർത്തനമികവും മുഖമുദ്രയാക്കിയ കമ്പനിയാണ് ടോട്ടൽഎനർജീസെന്ന് ടിഇപിആർഎച് മാനേജർമാരായ ഹാനി അൽ കസ്സൗസും പിയറി സൗറിയും പറഞ്ഞു. ഇറാഖിലെ പ്രവർത്തനങ്ങളിൽ സുരക്ഷയും കാര്യക്ഷമതയും വർധിക്കാൻ ഐബിഎസുമായുള്ള സഹകരണത്തിലൂടെ സാധിക്കും. ടോട്ടൽഎനർജീസിലെ ജീവനക്കാർ സുഗമമായും സുരക്ഷിതമായും വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തരാകുന്നുവെന്നും അവർ പറഞ്ഞു.

ഐലൊജിസ്റ്റിക്സിൻറെ കാര്യക്ഷമതയുടെ സാക്ഷ്യപത്രമാണ് ടോട്ടൽഎനർജീസുമായുള്ള സഹകരണമെന്ന് ഐബിഎസ് സോഫ്റ്റ് വെയറിൻറെ റീജണൽ ഡയറക്ടർ താരിഖ് മുറാദി പറഞ്ഞു. ടോട്ടൽഎനർജീസിൻറെ ജീവനക്കാർക്ക് സുരക്ഷിതമായ ജോലി അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനോടൊപ്പം ഇത്തരം സാഹചര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനും സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കോഴിക്കോട്ട് കെഎസ്ആർടിസി ബസ് പുഴയിലേക്ക് മറിഞ്ഞു രണ്ടു പേർ മരിച്ചു

തിരുവമ്പാടി: കോഴിക്കോട് തിരുവമ്പാടി കാളിയമ്പുഴയിൽ നിരവധി യാത്രക്കാരുമായി പോയ കെഎസ്ആർടിസി ബസ് നിയന്ത്രണംവിട്ട് പുഴയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. മൂന്നുപേരുടെ നില അതീവ ഗുരുതരമാണ്. യാത്രക്കാരായ ആളുകളെ പുറത്തെത്തിക്കാൻ ശ്രമം നടക്കുകയാണ്. ആനക്കാംപൊയിലിൽനിന്ന് തിരുവമ്പാടിയിലേക്ക് പോകുകയായിരുന്ന ബസ് കലുങ്കിലിടിച്ച് നിയന്ത്രണംവിട്ട് മറിയുകയായിരുന്നു.

ആനക്കാംപൊയിൽ സ്വദേശിനി ത്രേസ്യാമ്മ (63), കണ്ടപ്പൻചാൽ സ്വദേശി മകല(65) ആണ് മരിച്ചത്. ഇരുപതോളം പേർ തിരുവമ്പാടിയിലെ സ്വകാര്യആശുപത്രിയിലും പത്തുപേർ ഓമശേരി ശാന്തി ആശുപത്രിയിലും ചികിത്സയിലാണ്. ബസിൽ എല്ലാ സീറ്റിലും ആളുണ്ടായിരുന്നതായാണ് വിവരം. ആരെങ്കിലും വെള്ളത്തിൽ മുങ്ങിപ്പോയോ എന്ന സംശയമുള്ളതിനാൽ ഫയർഫോഴ്സ് പുഴയിലും തിരച്ചിൽ നടത്തുകയാണ്.